II ഇ.ബി. XV- കേരള നിയമസഭ/X-2

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ജനുവരി 30, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

5(*31) നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് നടപടി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനുമായി രജിസ്ട്രേഷൻ, എക്സൈസ്, നികുതി വകുപ്പുകളിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുകവഴി നികുതിവെട്ടിപ്പും നികുതി ചോർച്ചയും ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. രജിസ്ട്രേഷൻ വകുപ്പ് ഭൂമിയുടെ ന്യായവില 2014-ൽ 50 ശതമാനവും 2018, 2019, 2020, 2022 വർഷങ്ങളിൽ 10 ശതമാനം വീതവും വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള വിപണി വിലയും സർക്കാർ

പ്രസിദ്ധീകരിച്ച ന്യായവിലയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരാനും നികുതി പിരിവ് കാര്യക്ഷമമാക്കാനുമായി ഭൂമിയുടെ ന്യായവില സമഗ്രമായി പുനഃനിർണ്ണയിക്കാൻ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫ്ലാറ്റുകൾ/അപ്പാർട്ട്മെന്റുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വില കുറച്ച് രജിസ്റ്റർ ചെയ്യുന്നതിലൂടെയുള്ള റവന്യൂ നഷ്ടം ഒഴിവാക്കാൻ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡമനുസരിച്ചുള്ള വാല്യൂവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിൽ അനധികൃത മദ്യവ്യാപനം തടയുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും അനധികൃത അന്യസംസ്ഥാന മദ്യക്കടത്ത് തടയുന്നതിന് വിവിധ തലങ്ങളിൽ പരിശോധനാ സംവിധാനം കർശനമാക്കുകയും ചെയ്തിട്ടുണ്ട്. നികുതി വകുപ്പിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ് പെയർ സർവീസസ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ച് ചരക്കുസേവന നികുതി വകുപ്പ് പുന:സംഘടിപ്പിക്കുകയും ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ/ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ

ജി.എസ്.ടി.-യിലെ നികുതി ചോർച്ച തടയുന്നതിനായി സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും മറ്റ് സംസ്ഥാനങ്ങളിലെ ജി.എസ്.ടി. വകുപ്പുകളുമായി സഹകരിച്ച് ജോയിന്റ് ഓപ്പറേഷനിലൂടെ നികുതി വെട്ടിപ്പും വ്യാജ ബിൽ, വ്യാജ രജിസ്ട്രേഷൻ എന്നിവയും തടയുന്നതിനുവേണ്ട ഊർജ്ജിത നടപടികൾ നടത്തിവരുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ജി.എസ്.ടി. വിവര കൈമാറ്റവുമായി ബന്ധപ്പെട്ട് കേന്ദ്ര ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോയിൽനിന്ന് ലഭിച്ച നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും കോടതികളിലും ട്രിബ്യൂണലുകളിലുമുള്ള ജി.എസ്.ടി., വാറ്റ് എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി നികുതി അധികാരികൾ പുറപ്പെടുവിക്കുന്ന വിധിനിർണയ ഉത്തരവുകളിന്മേൽ നികുതിദായകർക്ക് അപ്പീലുകൾ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും അർഹമായ IGST വിഹിതം യഥാസമയം ലഭ്യമാക്കണമെന്ന് നിരന്തരം കേന്ദ്രത്തോട് ആവശ്യപ്പെടുന്നുണ്ടെന്നും ആഭ്യന്തര വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും ചരക്കുകളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും

ഇ-വേ ബിൽ തട്ടിപ്പ് പരിഹരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6(*32) <u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പ്രകൃതിദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്രനികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാന നികുതി വിഹിതത്തിൽ വന്ന കുറവ് തുടങ്ങിയ കാരണങ്ങളാൽ സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിനുകീഴിലെ സ്ഥാപനങ്ങളെടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയ സമീപനം ധനസ്ഥിതി കൂടുതൽ പ്രതിസന്ധിയിലാക്കി. നടപ്പ് സാമ്പത്തിക വർഷം റവന്യൂ കമ്മി ഗ്രാന്റിൽ 8425 കോടി രൂപയുടെയും ചരക്ക് സേവന നികുതി നടപ്പിലാക്കിയതുമൂലമുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 7246 കോടി രൂപയുടെയും കുറവുണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാർ

Branding നിർദ്ദേശിച്ചിട്ടുള്ള Swachh Bharat Mission (Gramin), Ayushman Bharat Health & Wellness Centres, Pradhan Manthri Awas Yojana (Urban), Poshan Abhiyan, National Health Mission എന്നീ സ്കീമുകളിൽ Branding/naming-മായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന കാരണത്താൽ മൂലധന ചെലവുകൾക്ക് വായ്പാ സഹായം അനുവദിക്കാൻ നിർവ്വാഹമില്ലെന്നുള്ള നിലപാട് സ്വീകരിച്ചതിന്റെ ഫലമായി 3000 കോടി രൂപയുടെ പലിശരഹിത വായ്പാസഹായം സംസ്ഥാനത്തിന് നഷ്ടപ്പെടാനിടയാകുന്നുവെന്ന് മന്ത്രി അറിയിച്ചു. നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും വിവിധ മേഖലകളിലായി പരമാവധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാർ ശ്രമിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം സപ്ലൈകോയുടെ വിപണിയിടപെടലിൽ 190.80 കോടി രൂപ വകയിരുത്തിയതിൽനിന്നും 2022-ലെ ഓണക്കാലത്ത് സ്പെഷ്യൽ പഞ്ചസാര വിതരണം ചെയ്ത വകയിലുള്ള സബ്സിഡി തുകയായ 89,60,586/- രൂപയും വിപണിയിടപെടലിനായി 157.64 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 32.27 കോടി രൂപയും പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. കോൺട്രാക്ടർ പേമെന്റുകൾക്ക് Bill Discounting Scheme (BDS)

ഏർപ്പെടുത്തിയിട്ടുണ്ടെന്നും 1021 കോടി രൂപയാണ് ട്രഷറി കണക്കനുസരിച്ച് കോൺട്രാക്ടർമാർക്ക് നൽകാനുള്ളതെന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട കുടിശ്ശിക തുകയുടെ 50 ശതമാനം കേന്ദ്രസർക്കാർ ലഭ്യമാക്കിയാൽ നിലവിലുള്ള ട്രഷറി നിയന്ത്രണം ഒഴിവാക്കാനാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7(*33) സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രധാന കർത്തവ്യമാണെന്നും പ്രസ്തുത കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നതെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ നാലുമാസത്തെ കുടിശ്ശിക വന്നിട്ടുണ്ടെന്നും എസ്.പി.വി. ആയി രൂപീകരിച്ച കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര സർക്കാർ നിലപാട് പെൻഷൻ വിതരണത്തെ നല്ല നിലയിൽ ബാധിച്ചിട്ടുണ്ടെന്നും പെട്രോൾ, ഡീസൽ, ഇന്ത്യൻ നിർമ്മിത

വിദേശമദ്യം എന്നിവയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള സെസ്സിൽനിന്നുള്ള വരുമാനംകൊണ്ട് ക്ഷേമപെൻഷൻ യഥാസമയം നൽകാൻ തികയാത്ത സാഹചര്യമാണുള്ളതെന്നും ഇത്തരം പ്രതികൂല സാഹചര്യങ്ങൾ മറികടന്ന് പെൻഷൻ വിതരണം സമയബന്ധിതമായി വിതരണം ചെയ്യാനുള്ള പരിശ്രമമാണ് സർക്കാർ നടത്തിവരുന്നതെന്നും മന്ത്രി വ്യക്തമാക്കി.

8(*34) <u>സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക</u>

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രധാന കർത്തവ്യമാണെന്നും സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പെൻഷൻ കുടിശ്ശിക സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിവരുന്നതെന്നും സഭയെ അറിയിച്ചു. പെൻഷൻ കമ്പനിയുടെ ബാധ്യതകൾ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുവദിക്കാത്തതും പെൻഷൻ കേന്ദ്ര വിഹിതം യഥാസമയം നൽകാത്തതിനാലുമാണ് കുടിശ്ശിക സമയബന്ധിതമായി നൽകാൻ സാധിക്കാത്തത്. നിലവിൽ ഒരുമാസത്തെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന്

ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. സെസ്സ് ഉൾപ്പെടെ വരവിനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽനിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നതെന്ന് മന്ത്രി വ്യക്തമാക്കി.